**കേരള സർക്കാർ**

സംഗ്രഹം

പിന്നോക്ക സമുദായ വികസനം - ഉന്നത വിദ്യാഭ്യാസത്തിനുള്ള പ്രവേശനത്തിന് Socially and Educationally Backward Classes (SEBC) സംവരണത്തിന് ക്രീമിലെയർ മാനദണ്ഡം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ.ഉ.(അച്ചടി) നമ്പർ.02/2017/പി.സ..വി.വ. തീയതി, തിരുവനന്തപുരം, 08.03.2017

---

പരാമർശം: 1. 01.01.2015-ലെ ജി.ഒ.(പി) നം.01/2015/ബി.സി.ഡി.ഡി.

2. മുസ്ലീം എംപ്ലോയീസ് കൾച്ചറൽ അസോസിയേഷൻ (MECA) സംസ്ഥാന പ്രസിഡന്റ് സമർപ്പിച്ച 04.11.2015 തീയതിയിലെ 40/ MECA/2015 നമ്പർ നിവേദനം.

**ഉത്തരവ്**

പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കുള്ള പ്രവേശനത്തിന് എസ്.ഇ.ബി.സി. (SEBC) സംവരണത്തിന് ക്രീമിലെയർ മാനദണ്ഡം ബാധകമാക്കി പരാമർശം (1) പ്രകാരം, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു). എന്നാൽ മറ്റു കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് എസ്.ഇ.ബി.സി. സംവരണത്തിന് വരുമാന പരിധിയാണ് മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളത്.

2. കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസത്തിനും ഉദ്യോഗത്തിനുമുള്ള സംവരണത്തിന് ക്രീമിലെയർ മാനദണ്ഡം നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയ ക്രീമിലെയർ മാനദണ്ഡം, ആർട്ട്സ് & സയൻസ് കോളേജുകളിലെ വിവിധ കോഴ്സുകൾക്കും പ്രൊഫഷണൽ പി.ജി. കോഴ്സുകൾക്കും ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2)-ലൂടെ മുസ്ലീം എംപ്ലോയീസ് കൾച്ചറൽ അസോസിയേഷൻ (MECA) സംസ്ഥാന പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എസ്.ഇ.ബി.സി. സംവരണം അനുവദിക്കുന്ന എല്ലാ കോഴ്സുകൾക്കും സംവരണത്തിന് ക്രീമിലെയർ മാനദണ്ഡം ബാധകമാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന (1)-ലെ മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും അനുസരിച്ചായിരിക്കും സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നതെന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

പി. സ്നേഹലത
ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി.

പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം. (എല്ലാ ജില്ലാ കളക്ടർമാർക്കും ലഭ്യമാക്കുന്നതിലേക്കായി)

രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.

ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.

ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.

ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.

ഡയറക്ടർ, ഹയർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

റവന്യു വകുപ്പ്

ഉന്നത വിദ്യാഭ്യാസ വകുപ്പ്

പൊതു വിദ്യാഭ്യാസ വകുപ്പ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,<br>ഒപ്പ്<br>സെക്ഷൻ ഓഫീസർ

പകർപ്പ്:.

ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പിന്നാക്ക സമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

പിന്നാക്ക സമുദായ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്

## മഹാത്മാഗാന്ധി സർവ്വകലാശാല

പുറത്തെഴുത്ത് നം.2864/എ1/2017/അക്കാദമിക് 17.05.2017

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം, നിക്ഷിപ്തമായ സിൻഡിക്കേറ്റിൻെറ അധികാരം ഉപയോഗിച്ച്, വൈസ് ചാൻസിലർ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് (സ.ഉ.(അച്ചടി) നമ്പർ 02/2017/പി.സ..വി.വ. തീയതി 08/03/2017) സർവ്വകലാശാലയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിരിയ്ക്കുന്നു.

ഇതിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്<br>രമേഷ് രാഘവൻ<br>അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)<br>രജിസ്ട്രാർക്കു വേണ്ടി